
# ചോട്ടു എന്ന വികൃതി




ചോട്ടു ഒരു വികൃതിക്കുട്ടനായിരുന്നു. അധ്യാപകൻ പറയുന്നതൊന്നും അനുസരിക്കില്ല. കുട്ടികളുടെ പേനയും ബുക്കുമെല്ലാമെടുത്ത് എവിടെയെങ്കിലും ഒളിപ്പിച്ചു വെക്കും. എല്ലാവർക്കുമവനെ വെറുപ്പാണ്. പക്ഷേ ആരും എതിർക്കില്ല. കാരണം പ്രായത്തിൽ കവിഞ്ഞ തടിയും ആരോഗ്യവും അവനുണ്ട്.

ഒരു ദിവസം അവൻ സ്കൂൾ വിട്ടപ്പോൾ നല്ല മഴയായിരുന്നു. റോഡും പരിസരവുമെല്ലാം വെള്ളം കെട്ടികുളം പോലെയായി. മഴ ഒന്ന് ശമിച്ചപ്പോൾ കുട്ടികൾ വീടുകളിലേക്ക് പോകാൻ തുടങ്ങി. ചോട്ടു തുള്ളിച്ചാടി കുട്ടികളുടെ പുറത്തെല്ലാം വെള്ളം തെറിപ്പിച്ചു. ചില കുട്ടികൾ അവനെ പിന്തിരിപ്പിക്കാൻ ശ്രമിച്ചു. "ചോട്ടൂ, നീ ഈ ചെയ്യുന്നത് ഒട്ടും ശരിയല്ല. പാവം കുട്ടികൾ, അവരുടെ പുറത്തൊക്കെ ചെളിയാവില്ലേ.."

ദേശീയഗാനം ഇല്ലാത്ത രാജ്യം– സൈപ്രസ്

"അതിനല്ലേ ഞാൻ ഈ പാടുപെടുന്നത്" പൂർവ്വാധികം ഉൽസാഹത്തോടെ അവൻ തന്റെ കളി തുടർന്നു. എല്ലാവരും പോയെന്ന് ഉറപ്പായപ്പോൾ പുസ്തകസഞ്ചിയുമെടുത്ത് അവനും നടത്തം തുടങ്ങി. പ്ധും.. കാൽ വഴുതി അവൻ ഒരു കുഴിയിലേക്ക് വീണു. പുറം മുഴുവൻ ചെളിയായി. എഴുന്നേൽക്കാൻ ശ്രമിച്ചെങ്കിലും അവനതിന് കഴിഞ്ഞില്ല. കാലിന് വല്ലാത്ത വേദന. അവൻ അവിടെ കിടന്ന് ഉറക്കെ കരഞ്ഞു.

ശബ്ദം കേട്ട് ചില കുട്ടികൾ തിരിഞ്ഞു നോക്കിയെങ്കിലും ആരും കണ്ട മട്ട് കാണിച്ചില്ല. എത്ര കുട്ടികളുടെ മേലാണ് അവൻ ചെളിവെള്ളം തെറിപ്പിച്ചത്! അവിടെ കിടക്കട്ടെ എന്ന് പിറുപിറുത്തുകൊണ്ട് ഓരോരുത്തരും അവരവരുടെ പാട്ടിനു പോയി. ചോട്ടുവിന് ദേഷ്യവും സങ്കടവും വന്നു. മഴ വീണ്ടും ചാറിത്തുടങ്ങി.

ചിതറി വീണ ബുക്കുകൾ നനഞ്ഞു കുതിർന്നു. കുറേ നേരം കഴിഞ്ഞിട്ടും ആ വഴി ആരും വന്നില്ല. അവൻ നിസ്സഹായനായി കഴുത്തറ്റം വെള്ളത്തിൽ മുങ്ങി ആ കുഴിയിൽ തന്നെ കിടന്നു.

ചോട്ടുവിനെ കാണാതെ അമ്മ വിഷമിച്ചു. നേരം വൈകുന്തോറും അമ്മയുടെ പേടി കൂടി വന്നു. നിവൃത്തിയില്ലാതെ ഇളയ കുഞ്ഞിനെ അടുത്ത വീട്ടിൽ വിട്ടിട്ട് അമ്മ അവനെ അന്വേഷിക്കാനിറങ്ങി. ആരോടെങ്കിലും ചോദിക്കാമെന്ന് വെച്ചാൽ ആ വഴിയിൽ ആരെയും കണ്ടില്ല. 'ഇവൻ ഇതെവിടെപ്പോയി? ചിലപ്പോൾ സ്കൂൾ ഗ്രൗണ്ടിൽ കുട്ടികളുമായി കളിക്കുകയായിരിക്കും. ഇവനെക്കൊണ്ട് ഞാൻ തോറ്റു. മഴ നനഞ്ഞ് ഓരോന്ന് വരുത്തി വെക്കും.'

പിറുപിറുത്തുകൊണ്ട് അവർ നടത്തത്തിന് വേഗത കൂട്ടി. അന്നേരം പുസ്തകങ്ങൾ ചിതറിക്കിടക്കുന്നത് ശ്രദ്ധയിൽ പെട്ടു. ഭയപ്പാടോടെ അവർ ചുറ്റിലും നോക്കി. അമ്മയെ കണ്ടതും അവൻ നിലവിളിച്ചു. ശബ്ദം കേട്ട ഭാഗത്തേക്ക് നോക്കിയപ്പോൾ ചോട്ടു കുഴിയിൽ കിടക്കുന്നതാണ് കണ്ടത്.

"മോനേ, നിനക്കെന്ത് പറ്റി..?"

അമ്മ അവനെ വലിച്ചു കരയിൽ കയറ്റി. നിൽക്കാൻ കഴിയാതെ അവൻ കുഴഞ്ഞു താഴേക്കു വീണു. പുസ്തകങ്ങൾ സഞ്ചിയിലിട്ട് തോളിൽ തൂക്കി അവനെയും താങ്ങിയെടുത്ത് അമ്മ നടന്നു. അവർ കൂടുതൽ ഒന്നും ചോദിച്ചില്ല. അവൻ ഒന്നും പറഞ്ഞതുമില്ല. നേരെ പോയത് ആശുപത്രിയിലേക്കാണ്.

ഡോക്ടർ പരിശോധിച്ചപ്പോൾ തുടയെല്ല് പൊട്ടിയതായി മനസ്സിലാക്കി. പ്ലാസ്റ്ററുമിട്ട് വീട്ടിലേക്ക് പറഞ്ഞയച്ചു. വഴിക്കുവെ

## വലിപ്പത്തിലൊന്നാമൻ

നീലത്തിമിംഗലത്തിന്റെ വലുപ്പമെത്ര? അളന്നു നോക്കിയിട്ടില്ല. അല്ലേ? സാരമില്ല. മറ്റെല്ലാമെന്നതുപോലെ ഇതും ശാസ്ത്രജ്ഞർ തിട്ടപ്പെടുത്തി വെച്ചിട്ടുണ്ട്. ഭൂമിയിലെ ഏറ്റവും വലിയ ജീവികളേതാണ്? കരയിലാണെങ്കിൽ ആന (പൊക്കം മാത്രമെടുത്താൽ ജിറാഫ്), കടലിലാണെങ്കിൽ തിമിംഗലം. ഇത് എല്ലാവർക്കും അറിയാം. തിമിംഗലങ്ങളിൽ തന്നെ ഏറ്റവും വലുത് നീലത്തിമംഗലമാണ്. അതിന് ഏതാണ്ട് 90 അടി നീളം കാണും. ഭാരമോ? അതാണ് രസം. ആനകളിൽ ഏറ്റവും ഭാരക്കൂടുതൽ ആഫ്രിക്കൻ ആനകൾക്കാണല്ലോ. ഒരു ആഫ്രിക്കൻ ആനക്ക് 85 മനുഷ്യരുടെ ഭാരമുണ്ട്. എന്നാൽ നീലത്തിമിംഗലത്തിനോ? ഏകദേശം 20 ആഫ്രിക്കൻ ആനകളുടെ ഭാരം. ടൺകണക്കിന് പറയുകയാണെങ്കിൽ ഏറെക്കുറെ 153.5 ടൺഭാരം. പോരേ!



ഏറ്റവും ദൈർഘ്യമേറിയ ദേശീയഗാനമുള്ളത് ഗ്രീസിനാണ്.

ച്ച് ഒരു ചായക്കടയിൽ നിന്നും ചായയും ഉഴുന്നുവടയും വാങ്ങിക്കൊടുത്തു. അത് കഴിച്ചപ്പോൾ അവന്റെ ക്ഷീണം മാറിക്കിട്ടി. അവൻ അമ്മയോട് പറഞ്ഞു:.

“ഞാൻ വീണ് കിടക്കുന്നത് കണ്ടിട്ട് ആരും എന്നെ തിരിഞ്ഞു നോക്കിയില്ല. എല്ലാത്തിനും ഞാൻ വെച്ചിട്ടുണ്ട്. ഈ പ്ലാസ്റ്ററൊന്ന് എടുത്തോട്ടെ. ഒരു ദിവസം രാജു വീണപ്പോൾ എത്ര പേരാണ് അവനെ സഹായിക്കാനുണ്ടായിരുന്നത്!” ഇത് കേട്ട് അമ്മ പറഞ്ഞു:

“മോനേ, നിന്നെ അമ്മക്ക് നല്ലവണ്ണം അറിയാം. അതുകൊണ്ടല്ലേ ഞാൻ നിന്നോട് ഒന്നും ചോദിക്കാത്തത്. അവർ നിന്നെ സഹായിക്കാൻ വരാത്തത് എന്തുകൊണ്ടാണെന്ന് നീ ചിന്തിച്ചുനോക്ക്. നീ എന്നും അവർക്കൊരു ശല്യക്കാരനാണ്. ഓരോ ദിവസവും എത്രയെത്ര പരാതികളാണ് നിന്നെക്കുറിച്ച് കേൾക്കുന്നത്. ആരെയും ശല്യപ്പെടുത്തരുതെന്ന് അമ്മ എത്ര തവണ പറഞ്ഞിട്ടുണ്ട്. നിന്നെ ഉപദ്രവിക്കാൻ ആരെങ്കിലും തുനിഞ്ഞാൽ അവരെ നീ ഇഷ്ടപ്പെടുമോ. മറ്റുള്ളവർ നമ്മളോട് എങ്ങനെ പെരുമാറണമെന്ന് നമ്മൾ ആഗ്രഹിക്കുന്നുവോ അതുപോലെയായിരിക്കണം നമ്മൾ അവരോട് പെരുമാറേണ്ടത്. നീ ആദ്യം മറ്റുള്ളവരെ സ്നേഹിക്കാൻ പഠിക്ക്. അപ്പോൾ അവർ നിന്നെയും സ്നേഹിക്കും. നിനക്കൊരാപത്ത് വന്നാൽ നിന്നെ സഹായിക്കാൻ അവർ ഓടിയെത്തും. നീ ചെയ്ത തെറ്റിന് ദൈവം നിനക്കു തന്ന ശിക്ഷയാണിതെന്ന് കരുതിയാൽ മതി.”

അമ്മയുടെ കണ്ണുകൾ നിറഞ്ഞൊഴുകിയപ്പോൾ അവനും കരച്ചിൽ വന്നു. അവൻ അമ്മയെ കെട്ടിപ്പിടിച്ചു.

“അമ്മേ, ഇനി ഞാൻ ആരെയും ശല്യപ്പെടുത്തില്ല. മറ്റുള്ളവരെ ഉപദ്രവിക്കുകയല്ല, മറിച്ച് അവരെ സഹായിക്കുകയാണ് നമ്മൾ ചെയ്യേണ്ടതെന്ന് എനിക്കിപ്പോൾ മനസ്സിലായി. ഇനി മുതൽ സ്കൂളിലെ ഏറ്റവും നല്ല കുട്ടി ഞാനായിരിക്കും. “പ്രോമിസ്.”

അമ്മ നീട്ടിവെച്ച കൈകളിലേക്ക് അവൻ തന്റെ കൈപ്പത്തി ചേർത്തുവെച്ചു:.

“പ്രോമിസ്.”

## മീനിനു വേണ്ടി

മീൻ പിടിക്കാനായി ഒരു പക്ഷിക്ക് എത്ര ദൂരം വരെ പോകാനാവും? അത് ഓരോ തരം പക്ഷികളെ ആശ്രയിച്ചിരിക്കും. വളരെ വേഗതയിൽ പാഞ്ഞു വന്ന് മീൻ പിടിക്കുന്ന പക്ഷികളാണ് ബൂബി. അന്തരീക്ഷത്തിലെ ഒന്നാംതരം ഞാണിൻമേൽ കളിക്കാരനാണ് ഇവൻ. ആകാശവിതാനത്തിൽ നിന്നും നിന്നും അതിവേഗതയിൽ പാഞ്ഞുവന്ന് വെള്ളത്തിൽ മുങ്ങാൻ അവന് പ്രശ്നമില്ല. ആ പോക്ക് വേണമെങ്കിൽ ജലോപരിതലത്തിൽ നിന്നും 60 അടി വരെ താഴെപ്പോകും. അവിടെ നിന്നും മത്സ്യത്തെ കൊത്തിപ്പിടിച്ച് ശാപ്പാടാക്കും.



ലോകത്ത് ഏറ്റവും കൂടുതൽ ജലം ഉൾക്കൊള്ളുന്ന നദി– ആമസോൺ